## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3541 — 14/10/2011 ൽ മറുപടിയ്ക്ക്

### ശാന്തിനഗർ കോളനി നിവാസികളുടെ പാർപ്പിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പ്രദീപ്കുമാർ : | | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ശാന്തിനഗർ കോളനി നിവാസികൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചതു പ്രകാരം പാർപ്പിട നിർമ്മാണത്തിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | (എ) | കോഴിക്കോട് ശാന്തിനഗർ കോളനി (ബംഗ്ലാദേശ് കോളനി) നിവാസികളുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ച് സർവ്വേ പൂർത്തിയായി. 333 വീടുകൾ നിർമ്മിക്കുന്നതിനും 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 6 മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ആകെ 38 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു. കോഴിക്കോട് ജില്ലാ കളക്ടറും ഭവന നിർമ്മാണ ബോർഡും പദ്ധതിയ്ക്ക് അനുമതി നൽകി. ഭരണാനുമതി നൽകുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് എന്ത് തുകയാണ് സർക്കാർ വകയിരുത്തിയതെന്നും പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്നും വിശദമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് 38 കോടി രൂപ പദ്ധതിച്ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഓൾട്രേഷൻ മെമ്മോറാണ്ടത്തിൽ നോൺ പ്ലാനിൽ ഉൾപ്പെടുത്തി 2216-80-800-85 ഹെഡ് ഓഫ് അക്കൗണ്ടിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 333 വീടുകൾ നിർമ്മിക്കുന്നതിനും 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 6 മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത പദ്ധതി 2012 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ